Total No. of Questions : 40 ]

Total No. of Printed Pages : 4 ]

**Code No. 06**

## June/July, 2011

# MALAYALAM

Time : 3 Hours 15 Minutes ]

[ Max. Marks : 100

I. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക : $10 \times 1 = 10$

1. രാമാദികൾക്ക് അബദ്ധം പിണഞ്ഞതിന്റെ കാരണമെന്ത് ?
2. നാൽപ്പാമരമറിഞ്ഞുകുട്ടിയമാതിരി, ചേലച്ചീന്തിനാൽ മറഞ്ഞു കിടക്കുന്നത് എന്ത് ?
3. നാസ്തികൃത്തിന്നടിപ്പെട്ടാലുള്ള ദോഷങ്ങൾ എന്തെല്ലാം ?
4. കിഴക്കൻ മല കടന്നുവരുന്ന കറുത്തചെട്ടിച്ചികളെ കവി വർണ്ണിക്കുന്നതെങ്ങനെ ?
5. പരശുരാമന്റെ പ്രതിജ്ഞ ലംഘിപ്പാൻ അകൃത പ്രണൻ നിർദ്ദേശിച്ച വഴിയെന്ത് ?
6. സ്ത്രീകൾക്കു വേണ്ടിയുള്ള രുദ്രാക്ഷം പ്രത്യേകം തയ്യാറാക്കിയതെങ്ങനെ ?
7. വാല്യക്കാരികളുടെ കൂടെ നൃത്തത്തിൽ പങ്കെടുത്തതിനെത്തുടർന്ന് ആൽബർട്ടിനുണ്ടായ മാനസികാസ്വാസ്ഥ്യം എന്തായിരുന്നു ?
8. റിട്രോ വൈറസ് എന്നാൽ എന്ത് ?
9. 'മരയ്ക്കാരേ, ഇനിയൊരിക്കലും എനിയ്ക്കതു വീട്ടാൻ കഴിഞ്ഞെന്നു വരില്ല' - എന്തിനെപ്പറ്റിയാണ് ഈ പരാമർശം ?
10. അമ്മയുടെ രൂപം മാത്രമല്ല ; ചൊല്ലും ഉണ്ണിക്കു് അസഹനീയമായിരുന്നു - എങ്ങനെ ?

II. മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക : ( ഏതെങ്കിലും പത്തെണ്ണം ) $10 \times 2 = 20$

11. മൂപതിറ്റാണ്ടുകൾ പതിയുമൊത്ത് ജീവിച്ചതിനെ കവി അനുസ്മരിക്കുന്നത് എങ്ങനെയെല്ലാം ?
12. 'ആരോ പണ്ടു മെനഞ്ഞ കഥയോ' ?' തള്ളക്കോളി പറയുന്ന ഈ കഥയേത് ?
13. ഭാരത ഭൂഖണ്ഡത്തിലൂടെയുള്ള യാത്രയിൽ പരശുരാമൻ കാണുന്ന ശമവ്രതരുടേയും ക്ഷത്രിയ സമൂഹത്തിന്റേയും സവിശേഷതകളെന്ത് ?
14. ചിതയിൽ കത്തിയമരുന്ന വൈലോപ്പിള്ളിക്ക് കവി വിട നല്കുന്നതെങ്ങനെ ?

[ Turn over

15. ചുടുകാട്ടിലേയ്ക്കു പ്രവേശിക്കുന്ന ഭിക്ഷുവിന്റെ ലക്ഷ്യം എന്തായിരുന്നു ?

16. പത്രപ്രവർത്തനം 'മനുഷ്യതാല്പര്യം' ആർജ്ജിക്കുന്നത് എപ്പോൾ ?

17. 'കാടത്തം' എന്ന് ആര്, എന്തിനെയാണ് പരിഹസിക്കുന്നത് ?

18. അടിമകൾ, ദുർജമരങ്ങൾ മുറിക്കാൻ ആവശ്യപ്പെടുമ്പോൾ യെർട്ട്ക്കോവിന്റെ നിലപാട് എന്തായിരുന്നു ?

19. പരശുരാമന് പിണഞ്ഞ മാനസിക രോഗം എന്തായിരുന്നു ?

20. എച്ച്.ഐ.വി. ബാധിതരായ ഗർഭിണികൾക്ക് ജനിക്കുന്ന ശിശുക്കളുടെ അവസ്ഥ എന്ത് ?

21. എം.ടി. ചലച്ചിത്ര രംഗത്തേക്ക് കടന്നു വരുന്ന സാഹചര്യം വ്യക്തമാക്കുക.

22. തായ്‌ലണ്ടിൽ, അപരിചിതരെ പരിചയപ്പെടുമ്പോഴുള്ള ആചാര ക്രമങ്ങൾ എന്തെല്ലാം ?

III. ഒരു ഖണ്ഡികയിൽ സന്ദർഭവും ആശയവും വ്യക്തമാക്കുക : ( ഏതെങ്കിലും നാലെണ്ണം ) : 4 × 3 = 12

23. രണ്ടു ഭാവം നിനക്കുണ്ടാക വേണ്ടെടോ
രണ്ടു നാലെങ്കിലും കൊണ്ടു വന്നീടണം.

24. ഇത്തറവാടിത്ത ഘോഷണത്തെപ്പോലെ
വൃത്തികെട്ടിട്ടില്ല മറ്റൊന്നുമൂഴിയിൽ.

25. കാറ്റു തിന്നു കഴിയുന്ന വർഗ്ഗം
കാത്തിരിപ്പൂ കരുതി നടക്ക.

26. അതേ പക്ഷേ അത് സാധനമല്ല ; ഉപായം മാത്രമാണ്. അത് ചൂണ്ടലിന്റെ ഇരയാണ്. ഇരയെ മത്സ്യം ഭക്ഷിക്കും. മത്സ്യത്തെ നമ്മൾ ഭക്ഷിക്കും.

27. രാത്രികാലങ്ങളിൽ കാവിലൊളിച്ചിരുന്ന് ഭീകര ശബ്ദത്തിൽ മരണം വിളിച്ചു പറഞ്ഞ് പേടിപ്പിയ്ക്കുന്ന കാലൻകോഴി പോലും ഞങ്ങൾക്കന്നു കൂട്ടാണ്.

28. കയ്യിൽ ഘടികാരമില്ലെങ്കിലും ഒരു കർഷകന്റെ ജന്മസിദ്ധിയിലൂടെ വെള്ളായിയപ്പൻ സമയം അറിഞ്ഞു.

IV. നൂറുവാക്കിൽ ഉത്തരമെഴുതുക : ( ഏതെങ്കിലും നാലെണ്ണം ) : $4 \times 7 = 28$

29. കേരളം കറുത്ത ചെട്ടിച്ചികൾക്ക് വിധേയമാണെന്ന് കവി പറയുന്നതിന്റെ കാരണങ്ങളെന്തെല്ലാം ?

30. പെറ്റു പോറ്റുവാനും ഒടുക്കം കൊത്തിയാട്ടുവാനും ഇടവരുത്തുന്ന മാതൃനിയോഗത്തിന്റെ ആവിഷ്ക്കാരമായി 'കോഴി' എന്ന കവിതയെ വിലയിരുത്തുക.

31. നിഷ്ക്കളങ്കമായ ഒരു കബളിപ്പിക്കലിന്റെ കഥയാണ് 'രുദ്രാക്ഷമാഹാത്മ്യം' - വിശകലനം ചെയ്യുക.

32. ടോൾസ്റ്റോയ്ക്ക് വയസ്സുകാലത്ത് മാനസിക സംഘർഷമുണ്ടാക്കുന്നതിന് അദ്ദേഹത്തിന്റെ ദുർജ്ജനം എങ്ങനെ കാരണമായെന്ന് വ്യക്തമാക്കുക.

33. ബാങ്കോക്ക് ബോട്ടുയാത്രയിലെ അനുഭവങ്ങളെ ലേഖകൻ ആവിഷ്ക്കരിക്കുന്നതെങ്ങനെയെല്ലാം ?

34. തന്നെ ഏറ്റവുമധികം സ്നേഹിക്കുന്ന അമ്മയെ ഉണ്ണി വെറുക്കുന്നു ഈ വൈരുദ്ധ്യത്തെ നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു ?

V. 35. ആശയം വിശദമാക്കി ഒരു ഖണ്ഡിക എഴുതുക ( ഏതെങ്കിലും ഒന്നിന് ) $1 \times 3 = 3$

i) വിത്തു ഗുണം പത്തു ഗുണം.

ii) അവനവനാത്മ സുഖത്തിനാചരിക്കുന്നവ -
യപരന്നുപകാരത്തിനായ് വരേണം.

36. a) പദം പിരിച്ച് സന്ധി നിർണ്ണയിയ്ക്കുക : ( ഏതെങ്കിലും നാലു പദങ്ങൾ ) $4 \times \frac{1}{2} = 2$

i) ആഗ്രഹമില്ല ii) കൈക്കൊണ്ടു

iii) എന്തെങ്കിലും iv) കേട്ടെഴുതി

v) ശരിയായി vi) പച്ചക്കായ

b) വിഗ്രഹിച്ച് സമാസം എഴുതുക : ( ഏതെങ്കിലും നാലു പദങ്ങൾ ) $4 \times \frac{1}{2} = 2$

i) അത്യാപത്ത് ii) നാൽക്കവല

iii) സ്ത്രീപുരുഷന്മാർ iv) ദിവ്യാവതാരം

v) താമരാക്ഷൻ vi) മുഖ കമലം

37. a) വിപരീത പദങ്ങൾ എഴുതുക : ( രണ്ടു പദങ്ങൾ ) $2 \times \frac{1}{2} = 1$

i) ലഘു ii) സന്തോഷം

iii) പണ്ഡിതൻ

b) രണ്ടു് പര്യായപദങ്ങൾ വീതം എഴുതുക : ( രണ്ടു പദങ്ങൾ ) $2 \times \frac{1}{2} = 1$

i) ശരീരം ii) ആകാശം
iii) സൂര്യൻ

38. a) വൃത്തം നിർണ്ണയിയ്ക്കുക : ( ഒന്നിന്റെ ) $1 \times 3 = 3$

i) ഉത്തരാശാമുഖം നോക്കിപ്പുറപ്പെട്ടു
സത്വരാഹങ്കാര ഗംഭീര പുരുഷൻ.

ii) ഇവ്വനായുയത്തുകതുമ്പിക്കൈ പഞ്ചാരിയ്ക്കു
ചെവിയാട്ടിടുമാലിൻ ചോട്ടിലെ പുരക്കാറ്റേ.

b) അലങ്കാരം നിർണ്ണയിയ്ക്കുക : ( ഏതെങ്കിലും ഒന്നിന്റെ ) 3

i) പെറ്റെണീയ്ക്കും മുമ്പ് കണ്ണുടച്ചാളഹോ
പറ്റെ വിളർത്തൊരിക്കാലവർഷാംഗന.

ii) നീലവാനിനുതാഴെ പച്ചനാക്കിലവെച്ച
പോലൊരു നാടുണ്ടെർ കണ്ണെ പ്പോഴുമോടും ദിക്കിൽ

39. a) പദങ്ങൾ പിരിച്ചെഴുതുക : 1

തിന്മയെത്തകക്കുവാനല്ലെങ്കിൽ ക്കരാളമീ -
വെണ്മഴുവെനിയ്ക്കേകിയതെന്തിനു സദാശിവൻ

b) സ്വന്തം വാക്യത്തിൽ പ്രയോഗിയ്ക്കുക : ( ഏതെങ്കിലും നാലു പദങ്ങൾ ) $4 \times \frac{1}{2} = 2$

i) മറികടക്കുക ii) അവ്യക്തം
iii) തടിതപ്പുക iv) മുഖസ്തുതി
v) വീരവാദം പറയുക

c) 'എ' വിഭാഗത്തിൽ കൊടുത്തിരിയ്ക്കുന്ന പേരുകൾക്കു നേരെ 'ബി' വിഭാഗത്തിലെ കൃതികളുടെ പേരുകൾ യോജിപ്പിച്ചെഴുതുക : 2

| 'എ' | 'ബി' |
|---|---|
| i) ഇടശ്ശേരി | a) സോപാനം |
| ii) കുമാരനാശാൻ | b) പിംഗള |
| iii) ഉള്ളൂർ | c) കാവിലെപ്പാട്ട് |
| iv) ബാലാമണിയമ്മ | d) കരുണ |

40. a) നിങ്ങൾ പങ്കെടുത്ത ഒരു വിനോദയാത്രയിലെ അനുഭവങ്ങളെ ഉൾക്കൊള്ളിച്ച് സുഹൃത്തിന് ഒരു കത്തെഴുതുക. 5

b) പരാവർത്തനം ചെയ്യുക : 5

അനന്തമജ്ഞാത മവർണ്ണനീയം
ഈ ലോകഗോളം തിരിയുന്ന മാർഗ്ഗം
അതിങ്കലെങ്ങാണ്ടൊരിടത്തിരുന്നു
നോക്കുന്ന മർത്ത്യൻ കഥയെന്തുകാണ്മൂ !